പീഡിപ്പിച്ച സാമൂഹ്യവിരുദ്ധരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതു കേരളീയ സമൂഹത്തിന്റെ ആവശ്യമാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വൃദ്ധജനങ്ങളുടെ എണ്ണം പെരുകുകയാണ്. കിരാതന്മാരുടെ ക്രൂരതയ്ക്ക് ഒരു അറുതിയുണ്ടാകുവാൻ ഇഴുവൻ എറിഞ്ഞുകൊടുക്കാനാവില്ല. യഥാർത്ഥ കുറ്റക്കാരിൽ ഒരാളും രക്ഷപ്പെടാതെ കോടതി നടപടികളും ശ്രദ്ധിച്ച് അതിൻ പഴുതടച്ച് പുറവാതിലുകളും യഥാസമയം ശിക്ഷിക്കപ്പെടുന്ന രീതിയിൽ ചാർജ്ജ് ഷീറ്റ് നൽകുവാൻ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നമ്മുടെ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഒരു വസ്തുതയാണ്. 74 വയസ്സുള്ള ഗോമതി എന്ന വൃദ്ധയെ 19-6-2005-ന് രാത്രി എട്ടാനും പേർ ചേർന്ന് പീഡിപ്പിച്ച് പരിക്കൽപ്പിച്ചു. അതിന് കേസ് എടുത്തിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലും എസ്.എ.റ്റി. ആശുപത്രിയിലും ചികിൽസയിൽ ആയിരുന്നു. തുടർന്ന് ജനറൽ ആശുപത്രിയിൽ ചികിൽസയിലിരിക്കേ 25-7-2005-ന് മരിച്ചുപോയി. ആറ് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിൽ രണ്ട് പേരെ ഗോമതിയുടെ മരണത്തിന് മുമ്പുതന്നെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിരുന്നു. മറ്റ് 4 പേരിൽ മൂന്നു പേരെ 26-7-2005-നും ഒരു പ്രതിയെ 30-7-2005-നും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി അവരെ റിമാൻഡ് ചെയ്തിരിക്കയാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടികളും സ്വീകരിക്കുന്നതാണ്.

(6) ചാലക്കുടി നിയോജകമണ്ഡലത്തിലെ നിരഞ്ചിറയിൽ ലോനപ്പൻ എന്ന ആളിന്റെ കുടുംബത്തിന് ധനസഹായം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഈ കഴിഞ്ഞ ശനിയാഴ്ച എന്റെ നിയോജകമണ്ഡലത്തിലെ നിരഞ്ചിറയിൽ തീർത്തും നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. അടുക്കളയിലെ സ്റ്റൗ പൊട്ടിത്തെറിച്ച് കുടുംബനാഥൻ ലോനപ്പന്റെ ഭാര്യ റോസ്ലിൻ മരിച്ചുപോയി. പല കഷ്ണങ്ങളായി അവരുടെ ശരീരം പൊട്ടിത്തെറിച്ച് പോയിരുന്നു. കർക്കിടകമാസം ആയതുകൊണ്ട് കോഴി മരുന്ന് ഉണ്ടാക്കുകയായിരുന്നു ഈ വീട്ടമ്മ, നെയ്യിൻമേൽ തീയാളി. അടുക്കള വാതിൽ പുറത്ത് നിരഞ്ചിറ പള്ളിയിലെ തിരുനാളിന് ഉപയോഗിച്ചിരുന്ന പടക്കത്തിൽ കുറച്ച് ബാക്കിയുണ്ടായിരുന്നത് തണുപ്പുമാറാൻ വച്ചിരുന്നതായി അറിയുന്നു. പടക്കത്തിൻമേൽ തീയാളിപ്പടർന്നാണ് ദുരന്തമുണ്ടായത്. ഭാര്യയുടെ മൃതദേഹം കണ്ട ഭർത്താവ് ലോനപ്പൻ അതുവരെ കരഞ്ഞിരുന്ന ലോനപ്പൻ പെട്ടെന്ന് മിണ്ടാട്ടം മുട്ടി കൈക്കും കാലിനും ഒടിവായി സംസാരശേഷിയില്ലാതെയായി ആശുപത്രിയിലാണ്. 19 വയസ്സുള്ള മകൻ ജാൻസി ശരീരത്തിന്റെ മുൻവശത്തുമാത്രമേ അൽപ്പം പൊള്ളലേൽക്കാതെയുള്ളു. മെഡിക്കൽ റിപ്പോർട്ട് അനുസരിച്ച് 62% പൊള്ളലേറ്റിട്ടുണ്ട്. തുടയിൽ നിന്നും മറ്റും മാംസഭാഗങ്ങൾ തെറിച്ചുപോയി. ബോധം നഷ്ടപ്പെടാതെ ഉരുകിക്കിടക്കുകയാണ്. പത്താം ക്ലാസ്സുകാരി ഇളയമകൻ ജാസ്മിൻ കൈക്കും കാലിനും ഫ്രാക്ചറായി ഇന്ന് ഇപ്പോൾ ഓപ്പറേഷനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. 75 വയസ്സുള്ള അപ്പൻ തലയിൽ സ്റ്റിച്ച് ഉൾപ്പെടെ മാരകമായ മുറിവുകളേറ്റ് ചികിത്സയിലാണ്. പിതൃസഹോദരി മേരി ശരീരമാസകലം ചതഞ്ഞ് കിടക്കുന്നു. വീട് തകർന്നുപോയി. ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങൾ മുഴുവൻ ഇപ്പോൾ അങ്ങയുടെ നിയോജകമണ്ഡലത്തിലെ തൃശ്ശൂർ മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്പിറലിലാണ്. പൊള്ളലിന് ഏറ്റവും നല്ല ചികിൽസ തൃശ്ശൂർ മിഷൻ ഹോസ്പിറലിലാണെന്ന ധാരണയോടുകൂടി ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങം മുഴുവൻ അവിടെയാണ്. ചികിൽസയ്ക്കും ഉപജീവനത്തിനും യാതൊരു മാർഗ്ഗവുമില്ലാതെ നട്ടം തിരിയുന്ന ഈ കുടുംബത്തിന് എല്ലാ പ്രകാരവുമുള്ള സഹായം വിശേഷിച്ച് സാമ്പത്തിക സഹായം അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ദുഃഖകരമായ ഒരു സംഭവമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ലോനപ്പന്റെ ഭാര്യ അപകടത്തിൽ മരിച്ചു. മറ്റുള്ളവർ ആശുപത്രിയിൽ ചികിൽസയിലാണ്. ഈ കുടുംബത്തിന് ഏറ്റവും വലിയ നാശനഷ്ടമാണുണ്ടായത്. അവരുടെ ചികിൽസയ്ക്കു വേണ്ട എല്ലാ സഹായവും ചെയ്തു കൊടുക്കും. മറ് വിധത്തിലുള്ള കാര്യങ്ങളെക്കുറിച്ച് മെമ്പർ തരുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാം.

(7) പേമാരിയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ അടുത്ത നാളിലുണ്ടായ പ്രകൃതിക്ഷോഭം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കടുത്തുരുത്തിയുടെ പടിഞ്ഞാറൻ മേഖലയിൽ വെള്ളപ്പൊക്കംമൂലവും കിഴക്കൻ മേഖലയിൽ കൊടുങ്കാറ്റുമൂലവും വളരെയേറെ നാശനഷ്ടങ്ങം ഉണ്ടായിട്ടുണ്ട്. മാഞ്ഞൂർ പഞ്ചായത്തിലെ 75 ഏക്കർ കൃഷിഭൂമിയിലെ പച്ചക്കറികൃഷി വെള്ളത്തിനടിയിലാണ്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ളത്. രണ്ട് സ്ഥലത്ത് ക്യാമ്പ് തുറന്നിട്ടുണ്ട്. പക്ഷേ ക്യാമ്പിലേക്ക് പോകാൻ തയ്യാറാകാത്ത ആളുകം വെള്ളത്തിൽതന്നെ താമസിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. നീലൂർ പഞ്ചായത്തിലെ ആറ് വീടുകം പൂർണ്ണമായും തകർന്നുപോയി. പൂർണ്ണമായി തകർന്ന വീടുകംക്ക് 30,000 രൂപ മുഖ്യമന്ത്രി പ്രഖ്യാപിച്ച തനുസരിച്ച് ഈ തുക എത്രയും വേഗം എത്തിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ കല്ലറ പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിൽ 150 വീടുകളോളം വെള്ളത്തിനടിയിലാണ്, അവർക്ക് സൗജന്യ റേഷൻ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇതുവരെ യാതൊരു നിർദ്ദേശവും സൗജന്യ റേഷൻ നൽകാൻവേണ്ടി ലഭിച്ചിട്ടില്ല. അതുകൊണ്ട് അവർക്ക് മറ് യാതൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് കുറഞ്ഞത് രണ്ട് ആഴ്ച എങ്കിലും സൗജന്യ റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

അതുപോലെത്തന്നെ മറെറാരു സംഭവമുണ്ടായത്, പ്രകൃതിക്ഷോഭംമൂലം വൈദ്യുതിലൈൻ പൊട്ടിവീണ് വൈദ്യുതാഘാതമേറ്റ് 35 വയസ്സുള്ള യുവാവ് മരിക്കുകയുണ്ടായി. കടുത്തുരുത്തി പഞ്ചായത്തിൽ ഒരു ഏരിയ മുഴുവൻ തകർന്നുപോയി. അതുകൊണ്ട് കൃഷിനാശം ഉണ്ടായ മേഖലകളിൽ അടിയന്തിരമായി കർഷകർക്ക് സഹായം എത്തിക്കാനും വീട് നഷ്ടപ്പെട്ടവരെ സഹായിക്കാനും അവർക്ക് സൗജന്യ റേഷൻ അനുവദിക്കാനും മരിച്ചയാളിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും അടിയന്തിരമായ നടപടികം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly